**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2853** **18-03-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാരണം കഷ്ടത അനുഭവിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിത നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ** | | **null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമേൽ കോവിഡ് പ്രതിസന്ധി കടുത്ത ആഘാതം സൃഷ്ടിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമ്പത്തിക, സാമൂഹിക സ്ഥിതിയെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | കോവിഡ് കാരണം കഷ്ടത അനുഭവിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; അവരുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (സി) | പട്ടികവർഗ്ഗ വികസന വകുപ്പ് കോവിഡ് മൂലം കഷ്ടത അനുഭവിച്ച പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഫുഡ് സപ്പോർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ചികിത്സാ ധനസഹായം, മരുന്ന്, മാസ്ക് എന്നിവ യഥാസമയം ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ് മൂലം മരണപ്പെട്ടുപോയ വ്യക്തി ഉൾപ്പെടുന്ന കുടുംബത്തിന് അടിയന്തിര ധനസഹായമായി 5,000/-രൂപ നൽകിയിട്ടുണ്ട്. |
| (ഡി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നീക്കിവച്ച പദ്ധതി വിഹിതം സമയബന്ധിതമായി ചെലവഴിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന വിവിധ സ്കീമുകൾ അതത് വർഷം ചെലവഴിയ്ക്കാതെ വരുമ്പോൾ തുടർന്നുള്ള വർഷങ്ങളിൽ ടി പ്രവൃത്തികൾ സ്പിൽ ഓവറായി ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ